ബദർപള്ളി പാലം, കാളാട് പാലം, പനമ്പാലം പ്രവൃത്തികളുടെ പുരോഗതി

367 (1425) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച ബദർപള്ളി പാലം, കാളാട് പാലം, പനമ്പാലം എന്നീ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ബദർപള്ളിപ്പാലം: ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുതിയ കടപ്പുറം-കാളാട് പാലം:- ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു.

പനമ്പാലം: G.O(Rt)No. 1185/2009/PWD പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ആയത് കാലഹരണപ്പെട്ടു. പുതുക്കിയ ഭരണാനുമതി നൽകിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് നബാർഡിൽനിന്നും ധനസഹായം

368 (1426) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചു;

(ബി) നിലവിൽ ഏതെല്ലാം പ്രോജക്ടുകളാണ് നബാർഡിന്റെ പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; പ്രോജക്ടുകൾ സമർപ്പിക്കപ്പെട്ടതിന്റെ വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ പാലങ്ങളുടെയോ, റോഡുകളുടെയോ നിർമ്മാണത്തിനായി നബാർഡിൽനിന്നും ഈ വർഷം ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രോജക്ടുകളൊന്നും നിലവിൽ നബാർഡിന്റെ പരിഗണനയിലില്ല. പാലപ്പുറം- കുതിരവഴി-നെല്ലിക്കുറിശ്ശി റോഡിന്റെ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബാധകമല്ല.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട്

369 (1427) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം നിർമ്മാണപ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചു; ഓരോ പ്രവൃത്തിയുടെയും വിശദാംശവും, അനുവദിച്ച തുകയും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ഓരോ പ്രോജക്ടിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ;

(സി) ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ള ഏതു പ്രവൃത്തികളുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും, അനുവദിച്ച തുകയും ഭരണാനുമതിയുടെ പകർപ്പും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇതിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു മറ്റുള്ളതിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെട്ടിട വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*- കെട്ടിട വിഭാഗത്തിൻകീഴിൽ നൽകിയ ഭരണാനുമതിയുടെ പകർപ്പുകൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു പ്രവൃത്തിക്കും ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.